# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2700

19 .02.2016-ൽ
മറുപടിയ്ക്ക്

## ' ചേർത്തല താലൂക്കിൽ ഭൂമിയുടെ ഫെയർ വാല്യൂ'

**ചോദ്യം**
ശ്രീ. പി. തിലോത്തമൻ

**മറുപടി**
ശ്രീ. അടൂർ പ്രകാശ്
റവന്യുവും കയറും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
| --- | --- |
| (എ) ചേർത്തല താലൂക്കിലെ ചേർത്തല തെക്ക്, അർത്തുങ്കൽ വില്ലേജുകളിൽപ്പെട്ട ഫെയർ വാല്യു നിശ്ചയിച്ചിട്ടില്ലാത്ത ഭൂമികളുടെ ഫെയർ വാല്യു നിശ്ചയിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) ചേർത്തല താലൂക്കിലെ ചേർത്തല തെക്ക്, അർത്തുങ്കൽ വില്ലേജുകളിൽപ്പെട്ട ഫെയർ വാല്യു നിശ്ചയിച്ചിട്ടില്ലാത്ത ഭൂമികളുടെ ഫെയർ വാല്യു നിശ്ചയിക്കുന്നതിന് കക്ഷികൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ച് ന്യായവില നിശ്ചയിച്ചു വരുന്നു. |
| (ബി) ഭൂമിയുടെ ഫെയർ വാല്യു നിശ്ചയിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമായിരുന്നു, എന്തുകൊണ്ടാണ് ഒട്ടേറെ സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമികളുടെ ഫെയർ വാല്യു ഉൾപ്പെടാതെ പോയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ സംയുക്തമായി ഓരോ സർവ്വേ നമ്പരിൽപ്പെട്ട സ്ഥലങ്ങൾ പരിശോധന നടത്തിയാണ് ന്യായവില നിശ്ചയിച്ചത്. ചില സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമിക്ക് ന്യായവില നിശ്ചയിക്കുവാൻ വിട്ടുപോയിട്ടുള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഫെയർ വാല്യു നിശ്ചയിക്കുന്നതും പ്രസിദ്ധപ്പെടുത്തുന്നതും ഉദ്യോഗസ്ഥ തലത്തിൽ നടന്ന നടപടിയായിരിക്കേ ഫെയർ വാല്യു നിശ്ചയിക്കപ്പെട്ടിട്ടില്ല എന്ന കാരണത്താൽ ഭൂമി അത്യാവശ്യ കാര്യങ്ങൾക്ക് ക്രയവിക്രയം ചെയ്യുന്നതിന് കഴിയാത്തവിധമാക്കിയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ; | (സി) ന്യായവില നിശ്ചയിച്ച അവസരത്തിൽ ന്യായവില നിശ്ചയിക്കുവാൻ വിട്ടുപോയിട്ടുള്ള കേസുകളിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സമയ ബന്ധിതമായി നടപടികൾ സ്വീകരിച്ച് ന്യായവില നിശ്ചയിച്ചു വരുന്നു. |
| (ഡി) പ്രസ്തുത ആവശ്യത്തിനായി സർക്കാർ ഓഫീസുകളുടെ പടികൾ മാസങ്ങളായി കയറിയിറങ്ങുന്ന സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ സമയബന്ധിതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) ന്യായ വില നിശ്ചയിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ